# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ വാല്യം 3 ലക്കം 1

news@newsmanna.com www.newsmanna.com

050 3241610, 055 3969791 ജനുവരി 2011




മാന്യവായനക്കാർക്ക് പുതുവത്സരാശംസകൾ



# 'ലോഗോസ് ഹോപ്പ്' യു. എ. ഇ. യിൽ

**ആഷ്‌ലി ജോൺ**

**ദുബൈ:** ലോകത്തെ ഏറ്റവും വലിയ സഞ്ചരിക്കുന്ന ക്രൈസ്തവ പുസ്തകശാലയായ 'ലോഗോസ് ഹോപ്പ്' കപ്പൽ യു.എ.യിലെത്തുന്നു. 21 മുതൽ ഫെബ്രുവരി 5 വരെ ദുബൈ ഷെയ്ക്ക് റാഷിദ് തുറമുഖത്തും ഫെബ്രുവരി 7 മുതൽ 19 വരെ അബുദബി മീനാ തുറമുഖത്തുമാണ് പുസ്തകപ്രദർശനവും വിവിധ പരിപാടികളും ഒരുക്കിയിരിക്കുന്നതെന്ന് പ്രൊജക്ട് മാനേജർ ആൻഡ്രിയ ചോയി 'മന്ന'യോടു പറഞ്ഞു. ഗൾഫിലെ നാലു രാജ്യങ്ങളിലായി ആറു കേന്ദ്രങ്ങളിലാണ് 'ലോഗോസ് ഹോപ്പ്' പ്രദർശനം ഒരുക്കുന്നത്.

ഇപ്പോൾ മസ്ക്കറ്റിൽനടന്ന പുസ്തകമേളയ്ക്കും മറ്റു പരിപാടികൾക്കും വൻജനപങ്കാളിത്തമാണ് ഉള്ളതെന്നും അവർ പറഞ്ഞു. 21നു വൈകിട്ട് നാലിനു നടക്കുന്ന ഉദ്ഘാടനചടങ്ങിൽ ദുബൈ സാംസ്ക്കാരിക വകുപ്പിലെയും ടൂറിസം വകുപ്പിലെയും ഉന്നതർ പങ്കെടുക്കും.

ശനി മുതൽ ബുധൻവരെയുള്ള ദിവസങ്ങളിൽ ഉച്ചയ്ക്ക് ഒരുമണി മുതൽ രാത്രി 10.30 വരെ ജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കും. എന്നാൽ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും വൈകിട്ട് നാലു മുതൽ മാത്രമായിരിക്കും പ്രവേശനം. തിങ്കൾ, ബുധൻ ദിവസങ്ങളിൽ രാവിലെ മുതൽ ഒരുമണിവരെ സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായിരിക്കും പ്രവേശനമെന്നു അവർ പറഞ്ഞു. പൊതുജനങ്ങൾക്കായി വിവിധ പരിപാടികൾ കപ്പലിൽ ഒരുക്കിയിട്ടുണ്ട്. ചർച്ചകൾ ക്ലാസുകൾ സെമിനാറുകൾ, ഫിലിം പ്രദർശനം, കുക്കറിപ്രദർശനം, കുട്ടികൾക്കുള്ള പരിപാടികൾ തുടങ്ങിയവ ഇതിൽപ്പെടും. വിവിധ വിഷയങ്ങളിലായി 7000-ലധികം തലക്കെട്ടുകളിലായി ലക്ഷക്കണക്കിനു പുസ്തകങ്ങളാണ് പ്രദർശനത്തിനുള്ളത്. ലോകത്തിലെ ആയിരത്തിലധികം ഭാഷകളിലെ വിവിധതരം പുസ്തകങ്ങൾ ഇതിൽപ്പെടും. ഉദ്ഘാടനച്ചടങ്ങിനോടനുബന്ധിച്ച് ലോഗോസ് ഹോപ്പിന്റെ ചരിത്രം, ഇതുവരെ നടത്തിയ യാത്രകൾ, നങ്കൂരമിട്ട തുറമുഖങ്ങൾ എന്നിവയെക്കുറിച്ച് പ്രത്യേക പ്രദർശനം നടക്കും. വിവിധ രാജ്യങ്ങളിൽനിന്നായി 400 സന്നദ്ധ മിഷനറിമാരാണ് കപ്പലിൽ സേവനമനുഷ്ഠിക്കുന്നത്. ഇതുവരെ 160 രാജ്യങ്ങൾ കപ്പൽ സന്ദർശിച്ചതായും ഏകദേശം 40 ദശലക്ഷം പേർ കപ്പൽ സന്ദർശിച്ചതായും അവർ പറഞ്ഞു. അബുദബിയിലെ പ്രദർശനത്തിനുശേഷം 20നു കപ്പൽ ഖത്തറിലേക്കു തിരിക്കും. 21 മുതൽ 30 വരെ ഇവിടെ പ്രദർശനം നടക്കും. മാർച്ച് രണ്ടു മുതൽ ഒമ്പതു വരെ ബഹറിനിലും പ്രദർശനമുണ്ട്. യു.എ.ഇയിലെ പ്രദർശനത്തിനുവേണ്ടി എല്ലാവിധ ഒരുക്കങ്ങളും പൂർത്തിയായതായും അവർ പറഞ്ഞു.



*ദോഫാർ ഡെപ്യൂട്ടി ഗവർണർ ശൈഖ് അബ്ദുൾ ബിൻ സൈഫ് അൽ മഹ്റൂഖി പുസ്തകമേള ഉദ്ഘാടനം ചെയ്യുന്നു. ക്യാപ്റ്റൻ ഡർക്ക് ഓണിൻ ബ്രാൻഡ് സമീപം.*

## മസ്ക്കറ്റിൽ ഊഷ്മളമായ വരവേൽപ്

**സലാല:** സഞ്ചരിക്കുന്ന സുവിശേഷക്കപ്പലായ ലോഗോസ് ഹോപ്പിനു മസ്ക്കറ്റിൽ സർക്കാർതലത്തിൽ ഊഷ്മളമായ വരവേൽപ്പ് നൽകി. എട്ടിനു വൈകിട്ട് നാലിനു ദോഫാർ ഡെപ്യൂട്ടി ഗവർണർ ശൈഖ് അബ്ദുൾ ബിൻ സൈഫ് അൽ മഹ്റൂഖി പുസ്തകമേള ഉദ്ഘാടനം ചെയ്തു. ടൂറിസം വിഭാഗം ഡയറക്ടർ ജനറൽ ഖാലിദ് മുസല്ലം അൽ റമാസ് ആശംസകൾ അറിയിച്ചു. സലാല തുറമുഖത്തെത്തിയ കപ്പലിനു പരമ്പരാഗത ഒമാനി ശൈലിയിലാണ് സ്വാഗതമരുളിയത്. 15 മുതൽ 19 വരെ മസ്ക്കറ്റ് സുൽത്താൻ ഖാബൂസ് തുറമുഖത്ത് പ്രദർശനം നടക്കും. രാജ്യങ്ങൾ തമ്മിൽ സൗഹൃദം ഊട്ടി ഉറപ്പിക്കുവാൻ ഉതകുന്നതാണ് ഈ സന്ദർശനമെന്നും സഞ്ചരിക്കുന്ന പുസ്തകശാലയിലൂടെ ലോകജനതയ്ക്ക് പരസ്പരം അടുത്തറിയുവാനും, സംസ്ക്കാരവും അറിവും വ്യാപിപ്പിക്കുവാനും കഴിയുമെന്ന് ഗവർണർ ശൈഖ് അബ്ദുൾ ബിൻ സൈഫ് അൽ മഹ്റൂഖി പറഞ്ഞു.

# അനുഗ്രഹസമൃദ്ധിയുടെ പുതുവർഷം

**തോമസ് തോന്നയ്ക്കൽ**

*ശു*ഭപ്രതീക്ഷകളുടെ ഒരു സംവത്സരം വീണ്ടും. അത് പ്രത്യാശയുടെയും ആഹ്ലാദത്തിന്റെതും ആകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

സഫലമാകാത്ത സ്വപ്നങ്ങളും പദ്ധതികളും അവശേഷിച്ചുകൊണ്ടാകാം നാം പുതുവത്സരത്തെ വരവേല്ക്കുന്നത്. നിരാശ കനൽമൂടിക്കിടക്കുന്നുണ്ടാവാം. വേദനകൾ ബാക്കിനില്ക്കുന്നുണ്ടാവാം. എന്നാൽ പ്രത്യാശ കൈവിടരുത്. നിങ്ങളുടെ സ്വപ്നങ്ങൾക്കു ചിറകു വയ്ക്കുന്നതാകട്ടെ ഈ പുതുവത്സരം.

വലിയൊരു സ്വപ്നക്കാരനായിരുന്നു ജോസഫ്. സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും ജോസഫിനെ നമസ്കരിക്കുന്നതായിരുന്നു സ്വപ്നം. രാജകീയ പദവിയിൽ ജോസഫ് എത്തുന്നതായിരുന്നു സ്വപ്നപ്പൊരുൾ. പക്ഷെ സ്വപ്നം നിമിത്തം സഹോദരങ്ങൾ ജോസഫിനെ വെറുത്തു പൊട്ടക്കിണറ്റിൽ തള്ളി. പിന്നെ കള്ളക്കേസിൽ കുടുങ്ങി കാരാഗൃഹത്തിലും നിരപരാധിയും നിഷ്കളങ്കനുമായ ജോസഫിന് ഒടുവിൽ വീണ്ടെടുപ്പിന്റെ ദിനം വന്നു. തന്റെ സ്വപ്നങ്ങൾ പൂവണിഞ്ഞു. ഫറവോന്റെ ഉപപ്രധാനമന്ത്രി പദവിവരെ എത്തിയ ജോസഫിനെ സഹോദരന്മാർ വണങ്ങി നില്ക്കുന്ന ചിത്രം ഉല്പത്തി പുസ്തകം വിവരിക്കുന്നു.

സ്വപ്നങ്ങൾ പൂവണിയാൻ കാത്തിരിപ്പാവശ്യമാണ്. കാത്തിരിപ്പിന് സഹിഷ്ണത കൂടിയേതീരൂ. ഞാൻ ക്ഷമാപൂർവം കർത്താവിനെ കാത്തിരുന്നു. അവിടുന്ന് ചെവി ചായിച്ച് എന്റെ നിലവിളികേട്ടു (സങ്കീ. 40: 1. പി.ഒ.സി) പ്രാർഥനയും വചനധ്യാനവും ചെയ്തു തിരുഹിതത്തിൽ നടന്ന് കാത്തിരിപ്പിനെ അർഥവത്താക്കണം. നിന്റെ പ്രവൃത്തികളെ യഹോവയ്ക്കു സമർപ്പിക്ക. എന്നാൽ നിന്റെ ഉദ്ദേശങ്ങൾ സാധിക്കും (സദൃ. 16:3). പദ്ധതികൾ ഫലമണിയാൻ പ്രയത്നവും സമർപ്പണവും കൈകോർക്കട്ടെ.

താഴ്വരകൾ ധാന്യം കൊണ്ട് മൂടുകയും ആഹ്ലാദാരവം മുഴക്കുകയും ചെയ്യുന്ന സമൃദ്ധിയുടെ ഒരു സംവത്സരത്തെ സങ്കീർത്തനക്കാരൻ വിഭാവനം ചെയ്യുന്നു (സങ്കീ. 65). പുതുവർഷം നന്മകൊണ്ട് അലങ്കരിക്കപ്പെടാൻ പ്രാർഥിക്കാം. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു (ആവ. 11:12). നന്മയുടെതാകട്ടെ ഈയാണ്ട്.

# കൂട്ടായ്മ സ്നേഹത്തിന്റെ തണലിടം

**പി.സി. ഗ്ലെന്നി**

*ക്രി*സ്ത്യാനിത്വം ലോകമെമ്പാടും പടർന്നത് സുവിശേഷീകരണത്തിലൂടെയാണെങ്കിലും അത് നിലനിന്നത് കൂട്ടായ്മയിലൂടെയാണ്. ദൈവസ്നേഹത്തിന്റെ ഭാഗമാണ് കൂട്ടായ്മ. കൂട്ടായ്മയ്ക്കു സഹകരണത്തിന്റെയും സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും മുഖമുണ്ട്. ഇവ കൂടാതെ കൂട്ടായ്മ പൂർണമാകുന്നില്ല.

കൂട്ടായ്മയുടെ ആംഗലേയപദമായ ഫെല്ലോഷിപ്പിന്, ഒരേ കപ്പലിൽ ഒരുമിച്ച് യാത്രചെയ്യുന്നവർ എന്നൊരു അർഥകല്പന പറയാറുണ്ട്. ഒരുമിച്ച് യാത്രചെയ്യുന്നവർ, പങ്കിടുക സ്വഭാവികം.

കർത്താവും അപ്പൊസ്തലന്മാരും കൂട്ടായ്മയുടെ മഹനീയത ഊന്നിപ്പറഞ്ഞിട്ടുണ്ട്. സ്നേഹത്തിന്റെയും സമാശ്വാസത്തിന്റെയും സ്പർശനം കൂട്ടായ്മയിലുണ്ട്. മരുഭൂമിയിൽ വിശന്ന പുരുഷാരത്തെ അഞ്ചപ്പവും രണ്ടുമീനും വർധിപ്പിച്ച് പോഷിപ്പിച്ച് യേശു നല്കിയത് കൂട്ടായ്മയുടെ വലിയ ഉദാഹരണമാണ്. വിശന്ന പുരുഷാരത്തെ കണ്ട് യേശു മനസ്സലിഞ്ഞു. ജീവന്റെ വചനം ജനത്തിന്റെ ആത്മാവിനു നല്കിയപ്പോൾ തന്നെ അവരുടെ ശാരീരികാവശ്യവും കർത്താവിനറിയാമായിരുന്നു. ഇവിടെ കർത്താവിന് പ്രവർത്തിക്കുവാൻ ഒരു ചെറിയ ബാലൻ സന്നദ്ധനായി. അവന്റെ കൈവശമുണ്ടായിരുന്ന അപ്പവും മീനും യേശുവിന്റെ കൈകളിൽ എത്തിച്ചപ്പോൾ അത്ഭുതം സംഭവിച്ചു. ബാലന്റെ കൂട്ടായ്മാ മനോഭാവമായിരുന്നു അത്ഭുതങ്ങൾക്കു കാരണം. ചെറിയവർക്കും എളിയവർക്കും കൂട്ടായ്മയിൽ പങ്കാളികളാവാം. പൂർണമനസ്സോടെ നല്കുമ്പോൾ അത്ഭുതങ്ങൾ സംഭവിക്കു.

> മലയാളി ക്രിസ്ത്യാനികൾ ഒരു കാലത്ത് കൂട്ടായ്മയിൽ മുന്നിലായിരുന്നു. ഇന്ന് അത്തരം കൂട്ടായ്മ നഷ്ടമായിരിക്കുന്നു. സ്വാർഥത പെരുകുന്നതിനാൽ അന്യന്റെ ദുഃഖങ്ങൾ കാണാൻ കഴിയുന്നില്ല.

അപ്പൊസ്തലനായ യാക്കോബ് കൂട്ടായ്മയെ യാഗമായി വിശേഷിപ്പിക്കുന്നു. "നന്മ ചെയ്യുവാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്" (യാക്കോ. 13: 16). നാം കൂട്ടായ്മ കാണിക്കുമ്പോൾ യാഗമർപ്പിക്കുകയാണ്. അതൊരു ആരാധനയാണ്. ദൈവം പ്രസാദിക്കുന്ന ആരാധന.

നമ്മുടെ ലോകം കഷ്ടങ്ങളും ദുരിതങ്ങളും നിറഞ്ഞതാണ്. കയറിക്കിടക്കാൻ ഭവനമില്ലാതെ, വിശപ്പിന് ഭക്ഷണമില്ലാതെ, നല്ല വസ്ത്രങ്ങളില്ലാതെ നിരന്തരം ദുരിതമനുഭവിക്കുന്നവരുണ്ട്. സ്വന്തം സുഖസമൃദ്ധിയുടെ ആലസ്യതയിൽ മയങ്ങി അന്യന്റെ ദുഃഖങ്ങൾ പാടേ മറന്നു കളയുന്നവരുണ്ട്.

മലയാളി ക്രിസ്ത്യാനികൾ ഒരു കാലത്ത് കൂട്ടായ്മയിൽ മുന്നിലായിരുന്നു. ഇന്ന് അത്തരം കൂട്ടായ്മ നഷ്ടമായിരിക്കുന്നു. സ്വാർഥത പെരുകുന്നതിനാൽ അന്യന്റെ ദുഃഖങ്ങൾ കാണാൻ കഴിയുന്നില്ല. 'താനായി തന്റെ പാടായി' ഇതാണിപ്പോൾ പലരുടെയും മുദ്രാവാക്യം. വിശന്നും ദാഹിച്ചും നഗ്നനായും അശരണരും ആലംബഹീനരും നമ്മുടെ മുമ്പിൽ നില്ക്കുമ്പോൾ ക്രിസ്തുവിനെ അവരിൽ ദർശിക്കാനാകണം. കൂട്ടായ്മയിൽ നിറയേണ്ടത് സ്നേഹത്തിന്റെ തണലിടമാണ്. ഈ പുതുവർഷത്തിൽ ഇങ്ങനെ ചിന്തിക്കാം.

# ക്രൂശിന്റെ സന്ദേശം

**പാസ്റ്റർ ജോസ് ഫിലിപ്പ്**

*മ*നുഷ്യൻ സ്നേഹത്തിനും ആനന്ദത്തിനും വിനോദത്തിനും അറിവിനും സംരക്ഷണത്തിനും നിരന്തരം പരിശ്രമിക്കുന്നു. മറുഭാഗത്ത് തത്വചിന്തകളും ആശയങ്ങളും കഴിവുകളും കണ്ടുപിടുത്തങ്ങളും ചർച്ചചെയ്യുന്നു. ഈ അന്വേഷണങ്ങളും പ്രഖ്യാപനങ്ങളും കൊണ്ട് മുഖരിതമായ ആധുനിക സമൂഹത്തിൽ യേശു കാട്ടിത്തന്ന അനുപമമായ ജീവിത ശൈലികൊണ്ടും തേജസ്സും പ്രത്യാശയും നിറഞ്ഞ സുവിശേഷസന്ദേശംകൊണ്ടും സമൂലമായ മാറ്റത്തിന്റെ വക്താക്കളാണ് ക്രിസ്തീയ സഭ.

എന്നാൽ നമ്മുടെ ജീവിതം നാം ഉയർത്തിക്കാട്ടുന്ന അവകാശങ്ങളോടും പ്രഖ്യാപനങ്ങളോടും എത്രമാത്രം നീതി പുലർത്തുന്നുണ്ട്.

ദൈവത്തോട് നിരന്നവരും ലോകത്തിൽ നിരപ്പിന്റെ വചനം വഹിക്കുന്നവരുമായ ദൈവസഭ ദൗത്യത്തിൽ വിജയിക്കുവാൻ യേശുവിന്റെ ജീവിത മാതൃക പിൻതുടരുകയാണ് ആവശ്യം. ഈ സത്യത്തിലേക്ക് വിരൽചൂണ്ടിക്കൊണ്ട് ശിഷ്യത്വത്തിന്റെ വിലയെക്കുറിച്ച് യേശു പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ'' (ലൂക്കൊ. 9:23) എന്നാണ്. നാൾതോറും ക്രൂശെടുക്കുക എന്നാൽ എന്താണ് അർഥമാക്കുന്നത്? നമ്മുടെ പാപങ്ങൾക്കായി കാൽവറിയിൽ യേശു മരിച്ച ക്രൂശിനെപ്പറ്റി മിക്കവർക്കുമറിയാം. എന്നാൽ അല്പം കൂടെ ആഴമായ അർഥത്തിൽ യേശു തന്റെ ഐഹിക ജീവിതകാലത്തുടനീളം വഹിച്ചിരുന്ന ആന്തരിക ക്രൂശിനെപ്പറ്റി വളരെ ചുരുക്കംപേർക്കെ അറിവുള്ളൂ. ഈ ആന്തരിക ക്രൂശിൽ ശിഷ്യന്മാർ തങ്ങളുടെ ജീവൻ വയ്ക്കേണ്ടതാവശ്യമായിരുന്നു. നാം നമ്മുടെ താല്പര്യങ്ങളല്ല, ദൈവത്തിന്റെ താല്പര്യമാണ് അന്വേഷിക്കുന്നതെങ്കിൽ നമുക്കിത് ഗ്രഹിക്കുവാൻ കഴിയും.

ക്രൂശില്ലാത്ത ഒരു യേശുവിൽ വിശ്വസിച്ച് കൊരിന്ത്യർ വഞ്ചിക്കപ്പെട്ടതിനെക്കുറിച്ച് പൗലൊസ് പറയുന്നുണ്ട്. "ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ നിങ്ങൾക്കു ലഭിക്കാത്ത വേറൊരു ആത്മാവെങ്കിലും, നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം" (2 കൊരി. 11:4). ഇവിടെ പ്രസംഗിക്കപ്പെട്ട സുവിശേഷപ്രകാരം യേശു പാപക്ഷമയിലേക്ക് ജനത്തെ ആഹ്വാനം ചെയ്യുന്നവനെങ്കിലും ക്രൂശെടുത്തുകൊണ്ട് തന്നെ അനുഗമിക്കാൻ ആവശ്യപ്പെടുന്നവനായിരുന്നില്ല. എന്നാൽ സുവിശേഷത്തിൽ കാണുന്ന യഥാർഥ യേശു നിരന്തരമായ ആത്മപരിത്യാഗത്തിന്റെ ജീവിതം നയിക്കുകയും ആ വഴിയിലൂടെ തന്നെ അനുഗമിക്കുവാൻ ജനത്തെ ആഹ്വാനം ചെയ്തവനുമാണ്. ഇപ്രകാരമുള്ള സമ്പൂർണ സുവിശേഷമാണ് പൗലൊസ് പ്രസംഗിച്ചത് (അപ്പൊ. 20: 27).

അത്തരമൊരു വിപ്ലവാത്മക സന്ദേശം അധികം പേരൊന്നും കൈക്കൊള്ളുകയില്ലെന്ന് വന്നാലും പൗലൊസ് ഒരിക്കലും അതിൽ നിന്നും വ്യതിചലിച്ചിരുന്നില്ല.

ജീവിതവിശുദ്ധി, ഉപദേശവിശുദ്ധി ഇവ രണ്ടും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ നാം സൂക്ഷ്മതയോടെ കരുതേണ്ടതാണ്. പൊതുജനത്തിന് അധികം ബുദ്ധിമുട്ട് വരാത്തനിലയിൽ സുവിശേഷസത്യം സ്വീകരിക്കുവാൻ കഴിയേണ്ടതിന് ഇളവുകൾ അനുവദിക്കുന്ന കാലമാണിത്. ഇതാണ് വേറൊരു സുവിശേഷം. ഗുരുവിനെപ്പോലെ ആകുന്നത് ശിഷ്യനു മതി എന്ന ക്രിസ്തുവചനപ്രകാരം യേശുവിന്റെ ജീവിതശൈലിയും കലർപ്പില്ലാത്ത സന്ദേശവുമാണ് നമുക്കാവശ്യം.

സൗമ്യതയും താഴ്മയുമുള്ള കർത്താവിനെ അനുഗമിക്കാനും തന്റെ മൃദുവായ നുകവും ലഘുവായ ചുമടും വഹിക്കുവാൻ നമുക്ക് കഴിയണം. സ്നേഹത്തിന്റെയും അനുസരണയുടെയും വിപ്ലവാത്മകമായ ചുവടുകൾ വയ്ക്കുവാൻ കർത്താവ് നമുക്കേവർക്കും കൃപ നല്കട്ടെ.

# സർവമതസമ്മേളനം വിളിക്കും

**റോം:** ലോകസമാധാനത്തിനായി വിവിധ മതനേതാക്കളുടെ യോഗം വിളിച്ചു ചേർക്കുമെന്ന് മാർപാപ്പ ബെനഡിക്ട് പതിനാറാമൻ അറിയിച്ചു. ഒക്ടോബറിൽ ഇറ്റലിയിലെ അസീസി നഗരത്തിലാണ് യോഗം നടക്കുക. മതങ്ങൾ തമ്മിലുള്ള അക്രമങ്ങൾ കുറയ്ക്കാനുള്ള മാർഗങ്ങൾ യോഗം വിലയിരുത്തും. 1986 ൽ മാർപാപ്പ ജോൺപോൾ രണ്ടാമൻ വിളിച്ചു ചേർത്ത സമാധാന സമ്മേളനത്തിന്റെ 25-ാം വാർഷികത്തിലാണ് പുതിയ യോഗം നടക്കുക. സെന്റ് പീറ്റേഴ്സ് ബസേലിക്കയിൽ നല്കിയ പുതുവത്സരസന്ദേശത്തിലാണ് ഇക്കാര്യം അറിയിച്ചത്.

മതങ്ങൾ തമ്മിലുള്ള സംഘർഷങ്ങളെയും ഈജിപ്തിൽ കോപ്റ്റിക് ക്രൈസ്തവർക്കുനേരെ നടക്കുന്ന ആക്രമണങ്ങളെയും പോപ്പ് അപലപിച്ചു.



ആഫ്രിക്കയിലും പശ്ചിമേഷ്യയിലും ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിലുള്ള സംഘർഷം അവസാനിപ്പിക്കാൻ ലോകരാജ്യങ്ങൾ ശ്രമം നടത്തണമെന്ന് ബെനഡിക്ട് പതിനാറാമൻ ആവശ്യപ്പെട്ടു.

ഈജിപ്തിലെ തുറമുഖ നഗരമായ അലക്സാഡ്രിയായിലെ കോപ്റ്റിക് ക്രിസ്ത്യൻ പള്ളിയിലുണ്ടായ ചാവേർ സ്ഫോടനത്തിൽ 21 പേർ കൊല്ലപ്പെട്ടിരുന്നു. പുതുവർഷ പാതിരാ കുർബാനയ്ക്കിടയിലാണ് സ്ഫോടനമുണ്ടായത്.



*ഷാർജാ ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾ ബിരുദദാനച്ചടങ്ങിൽ വിശിഷ്ടാതിഥികളോടൊപ്പം.*

# പാസ്റ്റർ ക്രിസ് ജാക്സൺ പ്രസംഗിക്കുന്നു

**അബുദബി:** പ്രശസ്ത സുവിശേഷ പ്രഭാഷകനും സംഗീതജ്ഞനും ക്രൈസ്തവ എഴുത്തുകാരനുമായ ക്രിസ് ജാക്സൺ (യു.എസ്.എ.) അബുദബിയിൽ പ്രസംഗിക്കും. അബുദബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ ജനുവരി 22,23 തീയതികളിൽ നടക്കുന്ന ആപ്കോൺ കൺവൻഷനിലാണ് പ്രസംഗിക്കുന്നത്. വൈകിട്ട് എട്ടിനാണ് പരിപാടി.

കൂടുതൽ വിവരങ്ങൾക്ക്: 050 6926925, 0503241610

## MATRIMONIAL

PROPOSALS INVITED FOR A BORN AGAIN, BAPTIZED GIRL FROM TRIVANDRUM (30 YRS, 152 CMS) WORKING WITH INFOLINE.LTD, INDIA AS BRANCH COORDINATOR. CONTACT 055-9328710, 050-4957637

Pentecostal parents invite marriage proposals for their daughter, 27, born in USA, God fearing with strong spiritual values. Education MSW and working in the same profession. We are seeking suitable alliance from born again and professionally qualified boys. Please respond with details and recent photographs to: kgvkerala@gmail.com Ph: 0566426624

## FURNISHED FLAT FOR SALE IN COCHIN, KERALA, INDIA

2 bed room- bath attached- furnished flat with free car parking, for sale in Cochin-Vytilla -Building handed over on January 2010 selling rate - INR 2550 squre feet. Flat details, Kalpaka builders, Blue Dimond apartments, 1287 squre feet, 1st floor, flat no-B1D, Vytilla-Vellala P.O., Cochin, Kerala, India.

**More details: www.kalpakabuilders.com**
**Further details Contact: Hari- 0504259103, 0504831292**



*അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന പൊതുസമ്മേളനത്തിൽ മിഷനറി ഗ്രഹാം സ്റ്റെയിൻസിന്റെ ഭാര്യ ഗ്ലാഡിസ് സ്റ്റെയിൻസ് പ്രസംഗിക്കുന്നു.*

# മറ്റുള്ളവരോടു ക്ഷമിക്കുക: ഗ്ലാഡിസ്

**അബുദബി:** നാം മറ്റുള്ളവരോടു ക്ഷമിക്കുന്നില്ലെങ്കിൽ സ്വർഗസ്ഥനായ പിതാവ് നമ്മുടെ പാപങ്ങളും കടങ്ങളും ക്ഷമിക്കില്ലെന്ന് ഗ്ലാഡിസ് സ്റ്റെയിൻസ് പറഞ്ഞു. അബുദബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന പൊതു സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. "ഞങ്ങൾ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിക്കേണമേ" ആ വാക്യം അനേകം പ്രാവശ്യം ഉരുവിടുന്നുവെങ്കിലും അതാണോ നാം വാസ്തവത്തിൽ ചെയ്യുന്നത് എന്നു ചിന്തിക്കണം. അവർ പറഞ്ഞു. സുവിശേഷത്തിനുവേണ്ടി ചുട്ടുകൊല്ലപ്പെട്ട ഗ്രഹാം സ്റ്റെയിൻസിന്റെ വിധവയെ കാണാൻ ആയിരങ്ങളാണെത്തിയത്. പള്ളിക്കുപുറത്ത് ഒരുക്കിയ വേദിയിലായിരുന്നു പ്രഭാഷണം. സഭാ, ഭാഷ, വർണവ്യത്യാസമെന്യേ വിവിധ ക്രൈസ്തവവിഭാഗങ്ങൾ പങ്കെടുത്തെങ്കിലും മലയാളി പെന്തെക്കോസ്തുകാരുടെയും പാസ്റ്റർമാരുടെയും നിസഹകരണം ഏറെ ശ്രദ്ധേയമായി. വിവിധ മലയാളി പെന്തെക്കോസ്തു സഭകളിലെ സഹോദരന്മാരാണ് പരിപാടി സംഘടിപ്പിച്ചത്. ഐക്യമായി നടത്തുന്ന ഇത്തരത്തിലുള്ള സമ്മേളനങ്ങൾ സംഘടിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.



*ഐ.പി.സി. യു.എ.ഇ. റീജിയൻ കൺവൻഷൻ റീജിയൻ പ്രസിഡന്റ് പാസ്റ്റർ എം.സി. ചാക്കോ ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർ വിൽസ് ജോസഫ്, എ.വൈ. തോമസ്, ഫ്ളാഗ്ലിൻ ജെ. കൽവർ എന്നിവർ സമീപം.*


















നിങ്ങളുടെ സ്വന്തം വീടു പോലൊരു ഹോട്ടൽ.
നാവിൽ കൊതിയൂറും വിഭവങ്ങൾ. സുഖകരമായ താമസം.
ആഘോഷങ്ങൾ അവസാനിക്കാത്ത കോക്ടെയ്ൽ പാർട്ടികൾ.
പിന്നെയും പിന്നെയും വരാൻ തോന്നിപ്പിക്കുന്ന സൗഹൃദാന്തരീക്ഷം.
റൂബി അരീന തെരഞ്ഞെടുക്കാൻ ഒന്നിലധികം കാരണങ്ങൾ.....



**Distance to various destinations**

| | |
|---|---|
| Airport | 3 KM |
| Railway Station | 5 KM |
| KSRTC Bus Station | 5 KM |
| Technopark | 9 KM |
| Kinfra Park | 14 KM |
| Kovalam | 20 KM |
| ISRO | 12 KM |
| Main Shopping area | 3 KM |

**Major Hospitals**

Medical College, SUT
Regional Cancer Centre
Sree Chithra Medical Centre
Cosmopolitan Hospital,
GG Hospital, Credence,
Ananthapuri and KIMS
are in 2 KM radius !!



**The ruby arena**
A LUXURIOUS BUSINESS HOTEL
Tel: +91471 2557474, Fax: +91471 2557484
Near Medical College, Thiruvananthapuram
www.rubyarena.com, email: contact@rubyarena.com







*Grand opening in*
**KASARAGOD**
07/01/2011

വിശേഷാവസരങ്ങളിലും
ആഘോഷവേളകളിലും
തിളങ്ങട്ടെ നിങ്ങളുടെ കേശ സൗന്ദര്യം
ഹാപ്പിലൈഫ് ഹെയർ ഫിക്സിങ്ങിലൂടെ
www.hairfixinghappylife.com

**Happy life HAIR FIXING**
ENJOY THE HAPPY LIFE

Century Park, New Busstand, Kasaragod. **Tel : 9349617474**

ഞങ്ങളുടെ ബ്രാഞ്ചുകളിൽ നിന്നും നൽകുന്ന ആറ് സർവ്വീസ് കൂപ്പൺ ഹാപ്പി ലൈഫിന്റെ ലോകത്തുള്ള ഏത് ബ്രാഞ്ചിൽ കൊടുത്താലും ഫ്രീ സർവ്വീസ് ലഭിക്കുന്നതാണ്. അതോടൊപ്പം മറ്റ് ഏത് സ്ഥാപനത്തിൽ ഹെയർ ഫിക്സ് ചെയ്തവർക്കും ഞങ്ങളുടെ സ്ഥാപനത്തിൽ സർവ്വീസ് ലഭ്യമാണ്.

OUR BRANCHES :
ABU DHABI (BR.6), AL AIN (Br.2), DUBAI, SHARJAH (Br.2)
RAS AL KHAIMAH, UMM AL QUWAIN, AJMAN, FUJAIRAH,
OMAN (Br.2), BAHRAIN, QATAR, KERALA (Br.9), TAMIL NADU (Br.4)

Toll Free (UAE)
800HAPPY
8 0 0 4 2 7 7 9

UAE 050 1303547 IND 9995069117 / 9447697729 Bahrain 39379772 / 17211473 Oman 92926040 / 26843194 Qatar 77045512 / 44373694


Edited, Printed and published by P.C. Glenny, Editor in charge Pramod Koothoor news@newsmanna.com, Visit: www.newsmanna.com 050 3241610, 055 3969791